KCF
KERALA CATHOLIC FEDERTATION

Laity Movement of
Kerala Catholic Bishop Conference (KCBC)
A State Level Federation of :
All Kerala Catholic Congress
Kerala Latin Catholic Association &
Malankara Catholic Association

All Kerala Press Release 22.04.2025

# സമാധാനത്തിന്റെയും ധാർമികതയുടെയും ശബ്ദം മുറിഞ്ഞുപോയി: കേരളാ കാത്തലിക് ഫെഡറേഷൻ (കെസിഎഫ് സംസ്ഥാന കമ്മിറ്റി)

കൊച്ചി. ആഗോള കത്തോലിക്കാ സഭയുടെ പരമാധ്യക്ഷൻ ഫ്രാൻസിസ് പാപ്പായുടെ നിര്യാണത്തോടെ ലോക സമാധാനത്തിന്റെയും ധാർമികതയുടെയും ശബ്ദം മുറിഞ്ഞുപോയി എന്ന് കേരള കാത്തലിക് ഫെഡറേഷൻ (കെസിഎഫ്) സംസ്ഥാന കമ്മിറ്റി. കാലഘട്ടത്തിന്റെ തിന്മകൾക്കും അനീതികൾക്കും എതിരേ ലോകത്തിലും സഭയിലും യേശു ക്രിസ്തുവിന്റെ നാവായിമാറാനും ലാളിത്യത്തിന്റെയും എളിമയുടെയും കരങ്ങളായി മാറി ലോകത്തിനു പുത്തൻ പ്രത്യാശപകരാനും കഴിഞ്ഞ യഥാർത്ഥ അപ്പസ്തോലനായിരുന്നു ഫ്രാൻസിസ് പാപ്പാ. സഭയുടെ നവീകരണത്തിനും പുരാതന യാഥാസ്ഥിതിക ചിന്തകൾക്കുമപ്പുറം മനുഷ്യസ്നേഹമായിരിക്കണം ക്രൈസ്തവന്റെ മുഖം എന്ന് പഠിപ്പിച്ച മഹാനായ സഭാ തലവനായിരുന്നു ഫ്രാൻസിസ് പാപ്പാ എന്ന് അനു സ്മരിച്ചു. സ്ത്രീകൾക്കും കുട്ടികൾക്കും സഭയിൽ അദ്ദേഹം നൽകിയ പ്രാധാന്യം പുത്തൻ അനുഭവ ങ്ങളായിരുന്നു.

സ്വവർഗാനുരാഗം പാപം എന്നുമാത്രം പഠിപ്പിച്ചിരുന്ന സഭയെ അവരും ദൈവത്തിന്റെ മക്കളെന്നു ചൂണ്ടി സഭയുടെ കാഴ്ചപ്പാടിൽത്തന്നെ വിപ്ലവകരമായ മാറ്റംവരുത്താൻ മനുഷ്യസ്നേഹിയായ പാപ്പാക്ക് കഴിഞ്ഞു . അദ്ദേഹത്തിന്റെ വിയോഗം ലോകജനതയ്ക്കു നൂറ്റാണ്ടിലെ നഷ്ടമാണെന്ന് യോഗം വിലയിരുത്തി. കെസിഎഫ് സംസ്ഥാന പ്രസിഡണ്ട് അനിൽ ജോൺ ഫ്രാൻസിസ് അദ്ധ്യക്ഷത വഹിച്ചു. വൈദിക ഉപദേഷ്ടാവ് ഫാ.തോമസ് തറയിൽ, ജനറൽ സെക്രട്ടറി വി സി. ജോർജ്ജ്കുട്ടി, ട്രഷറർ അഡ്വ. ബിജു കുണ്ടുകുളം എന്നിവർ അനുശോചനം രേഖപ്പെടുത്തി.

**വി.സി. ജോർജ്കുട്ടി**
സംസ്ഥാന ജനറൽ സെക്രട്ടറി, കെസിഎഫ്
ഫോൺ: 9048505127